# സംയുക്ത പ്രസ്താവന: 4-ാമത് ഇന്ത്യ-ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷൻ യോഗം

ഡിസംബർ 09, 2024

നാലാമത് ഇന്ത്യ - ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷൻ (HJC) യോഗം റിപ്പബ്ലിക് ഓഫ് ഇന്ത്യ വിദേശമാര്യ മന്ത്രി (EAM) ഡോ. എസ് ജയശങ്കറും ബഹ്റൈൻ രാജ്യത്തിന്റെ വിദേശകാര്യ മന്ത്രി ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസയാനിയും തമ്മിൽ 2024 ഡിസംബർ 9 ന് ബഹ്റൈനിലെ മനാമയിൽ വെച്ച് നടന്നു.

2. വിദേശകാര്യ മന്ത്രി ഡോ. അൽസയാനിയുടെ ക്ഷണം സ്വീകരിച്ച് ഇന്ത്യയുടെ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ 2024 ഡിസംബർ 7 മുതൽ 9 വരെ ബഹ്റൈൻ സന്ദർശിച്ചു. ഊഷ്മളമായ ബന്ധങ്ങളും ആഴത്തിലുള്ള ഉഭയകക്ഷി ബന്ധങ്ങളും പ്രതിഫലിപ്പിച്ചുകൊണ്ട് ഡോ. എസ്. ജയശങ്കർ സന്ദർശന വേളയിൽ ബഹ്റൈൻ ഉപപ്രധാനമന്ത്രി ശ്രീ. ഷെയ്ഖ് ഖാലിദ് ബിൻ അബ്ദുല്ല അൽ ഖലീഫയുമായി കൂടിക്കാഴ്ച നടത്തി.

3. 2014 ഫെബ്രുവരി 18-20 തീയതികളിൽ ബഹ്റൈൻ രാജാവ് ശ്രീ. ഹമദ് ബിൻ ഈസ അൽ ഖലീഫയുടെ ഇന്ത്യാ സന്ദർശന വേളയിൽ ഇരു കക്ഷികളും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് HJC സ്ഥാപിതമായത്.

4. ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽ സയാനി, ബഹ്റൈനിലെത്തിയ ഇന്ത്യൻ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിനേയും സംഘത്തെയും സ്വാഗതം ചെയ്തു. 2021 ഏപ്രിൽ 7-ന് ന്യൂഡൽഹിയിൽ നടന്ന മൂന്നാമത് HJC-യുടെ ഇന്ത്യാ സന്ദർശന വേളയിൽ അദ്ദേഹത്തിനും പ്രതിനിധികൾക്കും നൽകിയ ഊഷ്മളമായ ആതിഥ്യം അദ്ദേഹം അനുസ്മരിച്ചു. തനിക്കും ഒപ്പമുള്ള പ്രതിനിധി സംഘത്തിനും ലഭിച്ച ഊഷ്മളമായ സ്വീകരണത്തിനും മാന്യമായ ആതിഥ്യത്തിനും ഡോ. എസ് ജയശങ്കർ ബഹ്റൈൻ പക്ഷത്തിന് നന്ദി പറഞ്ഞു. HJC-യുടെ പതിവ് യോഗങ്ങൾ ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് ഇരുപക്ഷവും അഭിനന്ദിച്ചു.

5. 2014 ഫെബ്രുവരിയിൽ ബഹ്റൈൻ രാജാവ് ശ്രീ. ഹമദ് ബിൻ ഈസ അൽ ഖലീഫയുടെ ഇന്ത്യാ സന്ദർശനത്തിന്റെ 10-ാം വാർഷികവും 2019 ഓഗസ്റ്റിൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ സ്റ്റേറ്റ് സന്ദർശനത്തിന്റെ 5-ാം വാർഷികവും അടയാളപ്പെടുത്തുന്ന ചടങ്ങിന്റെ പ്രാധാന്യം ഇരുപക്ഷവും അംഗീകരിച്ചു. ദീർഘകാലമായി നിലനിൽക്കുന്ന ഉഭയകക്ഷി ബന്ധങ്ങൾക്ക് പുതിയ ഊർജം നൽകുന്നതിൽ ഈ സന്ദർശനങ്ങളുടെ പങ്ക് അംഗീകരിക്കപ്പെട്ടു. ബഹ്റൈൻ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ ശ്രീ. സൽമാൻ ബിൻ ഹമദ് അൽ ഖലീഫയോട് എത്രയും വേഗം ഇന്ത്യ സന്ദർശിക്കാനുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ക്ഷണം EAM ആവർത്തിച്ചു.

6. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള പുതിയ ഇന്ത്യൻ സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിനുശേഷം വർദ്ധിച്ചുവരുന്ന രാഷ്ട്രീയ ഇടപെടലുകളെ ബഹ്റൈൻ പക്ഷം അഭിനന്ദിച്ചു. കിരീടാവകാശിയും പ്രധാനമന്ത്രിയുമായ ശ്രീ. സൽമാൻ ബിൻ ഹമദ് അൽ ഖലീഫ പുതിയ സർക്കാരിന് നൽകിയ അഭിനന്ദന സന്ദേശത്തിന് EAM നന്ദി രേഖപ്പെടുത്തുകയും ഉഭയകക്ഷി ബന്ധത്തിന്റെ വേഗത തുടരുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

7. 2021 ഏപ്രിലിൽ നടന്ന മൂന്നാമത്തെ HJC-യിലും തുടർന്നുള്ള 2022 മാർച്ചിലും 2023 മെയ് മാസത്തിലും നടന്ന യഥാക്രമം അഞ്ചാമത്തെയും ആറാമത്തെയും ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകളിലും ചർച്ചകൾക്ക് അനുസൃതമായി ഉഭയകക്ഷി ബന്ധങ്ങളിൽ കൈവരിച്ച പുരോഗതിയെ രണ്ട് മന്ത്രിമാരും അഭിനന്ദിച്ചു. ഉന്നതതല ഉഭയകക്ഷി സന്ദർശനങ്ങളുടെയും കൂടിക്കാഴ്ചകളുടെയും വേഗത തുടരാൻ ഇരുപക്ഷവും സമ്മതിച്ചു, രണ്ട് സൗഹൃദ രാജ്യങ്ങൾ തമ്മിലുള്ള പതിവ് ഉന്നതതല വിനിമയങ്ങളിൽ സംതൃപ്തിയും രേഖപ്പെടുത്തി.

8. ഊർജം, ഹൈഡ്രോകാർബൺ, പുനരുപയോഗ ഊർജം, അടിസ്ഥാന സൗകര്യം, വ്യാപാരവും നിക്ഷേപവും, പ്രതിരോധം, സുരക്ഷ, ആരോഗ്യം, ഭക്ഷണവും കൃഷിയും, ഹോസ്പിറ്റാലിറ്റി, ഫാർമസ്യൂട്ടിക്കൽ വ്യവസായം, ഇലക്ട്രോണിക് വ്യവസായം ഡൗൺ

സ്ട്രീം അലുമിനിയം, ഐടിയും ഡാറ്റാ സെന്ററുകളും, ബഹിരാകാശം, വിനോദസഞ്ചാരം, പരിസ്ഥിതി, യുവജനങ്ങളും കായികവും തുടങ്ങി വിവിധ മേഖലകളിൽ സഹകരണത്തിന്റെ വഴികൾ പര്യവേക്ഷണം ചെയ്യാനുള്ള തങ്ങളുടെ പ്രതിബദ്ധതയും ഇരു മന്ത്രിമാരും ആവർത്തിച്ചു.

9. ചരിത്രപരമായ സ്റ്റേറ്റ് സന്ദർശനങ്ങൾക്ക് ശേഷം രാഷ്ട്രീയ ബന്ധവും ജനങ്ങൾ തമ്മിലുള്ള ബന്ധവും ആഴത്തിലായി എന്ന് ഇരുപക്ഷവും അംഗീകരിച്ചു. 2019 ലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സ്റ്റേറ്റ് സന്ദർശനത്തിന് ശേഷം ബഹ്റൈനിലെ ഇന്ത്യൻ നിക്ഷേപത്തിലുണ്ടായ വർദ്ധന ഇന്ത്യൻ പക്ഷം എടുത്തുപറഞ്ഞു. 2023 മാർച്ചിലും 2024 ഡിസംബറിലും ബഹ്റൈൻ വ്യവസായ വാണിജ്യ മന്ത്രി ബഹുമാനപ്പെട്ട അബ്ദുല്ല ബിൻ അദെൽ ഫഖ്‌റോയുടെ നേതൃത്വത്തിൽ നടന്ന ഇന്ത്യാ സന്ദർശനവും 2024 സെപ്റ്റംബറിൽ ബഹ്റൈനിലെ സുസ്ഥിര വികസന മന്ത്രിയും EDB-യുടെ ചീഫ് എക്സിക്യൂട്ടീവുമായ ബഹുമാനപ്പെട്ട നൂർ ബിൻത് അലി അൽഖുലൈഫിന്റെ നേതൃത്വത്തിൽ നടന്ന ഇന്ത്യാ സന്ദർശനവും ഉൾപ്പെടെയുള്ള വ്യാപാര പ്രതിനിധികളുടെ സന്ദർശനങ്ങളെ ഇരുപക്ഷവും സ്വാഗതം ചെയ്തു. ഇന്ത്യൻ നിക്ഷേപങ്ങളെയും ആഗോള ഇന്ത്യൻ ബ്രാൻഡുകളുടെ ബഹ്റൈനിലേക്കുള്ള പ്രവേശനത്തെയും, പ്രത്യേകിച്ചും 2024ന്റെ തുടക്കം മുതലുള്ളത്, ബഹ്റൈൻ പക്ഷം സ്വാഗതം ചെയ്തു.

10. ഉഭയകക്ഷി വ്യാപാരത്തിന്റെ സ്ഥിരത, സുസ്ഥിരത, വൈവിധ്യം എന്നിവയിൽ ഇരുപക്ഷവും സംതൃപ്തി രേഖപ്പെടുത്തി. വ്യാപാര, നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കാൻ അവർ സമ്മതിച്ചു, ഇതിനായി വ്യാപാരത്തിലും നിക്ഷേപത്തിലും ഉഭയകക്ഷി സംയുക്ത വർക്കിംഗ് ഗ്രൂപ്പ് സൃഷ്ടിക്കുന്നതിനായി പ്രവർത്തിക്കാൻ അവർ സമ്മതിച്ചു.

11. വിവരങ്ങളുടെയും ഔദ്യോഗിക കുറിപ്പുകളുടെയും ആശയവിനിമയത്തിലൂടെയും സ്റ്റാൻഡേർഡ് വികസനം, അനുരൂപീകരണ വിലയിരുത്തൽ, മെട്രോളജി, അംഗീകാരം, ലോഹ പരിശോധന, മുത്തുകളുടെയും രത്നക്കല്ലുകളുടെയും പരിശോധന തുടങ്ങിയ പ്രക്രിയകളിലെ അവസരങ്ങളും തടസ്സങ്ങളും

കണ്ടെത്തുന്നതിലൂടെയും ബഹ്റൈനിലെ നാഷണൽ സ്റ്റാൻഡേർഡൈസേഷൻ ബോഡിയും നാഷണൽ ടെസ്റ്റിംഗ് സെന്ററും ഇന്ത്യയിലെ സ്റ്റാൻഡേർഡൈസേഷൻ സ്ഥാപനവുമായും ബന്ധപ്പെട്ട ഔദ്യോഗിക സ്ഥാപനങ്ങളുമായും സഹകരിക്കാൻ ലക്ഷ്യമിടുന്നു.

12. നികുതി കാര്യങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനും രണ്ട് സൗഹൃദ രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക, വാണിജ്യ, നിക്ഷേപ അവസരങ്ങൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഇന്ത്യയുമായി ഇരട്ട നികുതി (DTA) ഒഴിവാക്കുന്നതിനുള്ള ഉഭയകക്ഷി കരാർ അവസാനിപ്പിക്കാനുള്ള ആഗ്രഹം ബഹ്റൈൻ പുതുക്കി.

13. 2024 സെപ്റ്റംബർ 3 - 4 തീയതികളിൽ നടന്ന ഉഭയകക്ഷി നിക്ഷേപ ഉടമ്പടിക്കായുള്ള ചർച്ചകളുടെ ഉദ്ഘാടനം ഇരുപക്ഷവും സ്വാഗതം ചെയ്യുകയും അതിനായുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സമ്മതിക്കുകയും ചെയ്തു.

14. ബഹ്റൈനിൽ ഇന്ത്യൻ റുപേ കാർഡ് സ്വീകരിക്കുന്നതിനുള്ള ചർച്ചകൾ വേഗത്തിലാക്കാൻ രണ്ട് മന്ത്രിമാരും സമ്മതിച്ചു. ഫിൻടെക്, ഡിജിറ്റൽ പേമെന്റ് മേഖലകളിൽ കൂടുതൽ സഹകരണത്തിനായി പ്രവർത്തിക്കാൻ അവർ സമ്മതിച്ചു.

15. ആരോഗ്യ, ഫാർമസ്യൂട്ടിക്കൽ മേഖലയിലെ ഉഭയകക്ഷി സഹകരണത്തിന്റെ പ്രാധാന്യം ഇരുപക്ഷവും ഊന്നിപ്പറയുകയും 2022 ഫെബ്രുവരി 22-ന് നടന്ന ആരോഗ്യ സംരക്ഷണ സഹകരണം സംബന്ധിച്ചുള്ള ആദ്യ ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് (JWG) യോഗം വിജയകരമായതിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. രാജ്യത്തിന്റെ ദേശീയ നയങ്ങൾ, നിയമങ്ങൾ, നിയമ ചട്ടക്കൂടുകൾ എന്നിവയ്ക്ക് അനുസൃതമായി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കാൻ ധാരണയായി, മാത്രമല്ല ഹെൽത്ത് കെയർ സഹകരണവുമായി ബന്ധപ്പെട്ട JWG-ന്റെ രണ്ടാമത്തെ യോഗം എത്രയും വേഗം നടത്താൻ ഇരു രാജ്യങ്ങളിലെയും ആരോഗ്യ മന്ത്രാലയങ്ങൾ പ്രവർത്തിക്കുന്നുവെന്ന് സംതൃപ്തിയോടെ വ്യക്തമാക്കി.

16.  ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന് ലോക നേതാക്കളിൽ ഒരാളെന്ന നിലയിലുള്ള പങ്ക് ഇന്ത്യൻ പക്ഷം ഉയർത്തിക്കാട്ടി, കൂടാതെ ബഹ്റൈനിലെ സ്ഥാപിത റെഗുലേറ്ററി ആവശ്യകതകൾക്ക് അനുസൃതമായി ബഹ്റൈൻ വിപണിയിൽ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളുടെ വിപണി പ്രവേശനത്തിനുള്ള പ്രാധാന്യം അറിയിക്കുകയും ചെയ്തു.  ഫാർമസ്യൂട്ടിക്കൽസ്, വാക്സിനുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയിലെ വ്യാപാരം വർദ്ധിപ്പിക്കുന്നതിന് രണ്ട് രാജ്യങ്ങളുടെയും സ്വകാര്യ മേഖലകളിൽ സൗകര്യമൊരുക്കാൻ ഇരുപക്ഷവും സമ്മതം അറിയിച്ചു.

17. മെഡിക്കൽ ടൂറിസത്തിനുള്ള ഹബ്ബുകളായി രണ്ട് രാജ്യങ്ങളെയും മുന്നോട്ട് കൊണ്ടുപോകുന്നതിലെ സുപ്രധാന സഹകരണ സാധ്യതകൾ രണ്ടു മന്ത്രിമാരും അംഗീകരിച്ചു.

18. കാർഷിക, കന്നുകാലി മേഖലകൾ വികസിപ്പിക്കുന്നതിൽ സഹകരണം വർധിപ്പിക്കുന്നതിന് ഇരുപക്ഷവും ഊന്നൽ നൽകി. ഇന്ത്യയിലെ ഫുഡ് പാർക്കുകളിൽ നിക്ഷേപം നടത്തുന്നതിനും ഇന്ത്യയിൽ നിന്ന് ബഹ്റൈനിലേക്കുള്ള ഭക്ഷ്യ കയറ്റുമതി വർധിപ്പിക്കുന്നതിനുമുള്ള സുപ്രധാന അവസരങ്ങൾ ഇന്ത്യൻ പക്ഷം എടുത്തുകാണിച്ചു. ഭക്ഷ്യസുരക്ഷ കൈവരിക്കാൻ ലക്ഷ്യമിടുന്ന ഉഭയകക്ഷി പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇരുരാജ്യങ്ങളും തമ്മിൽ അനുഭവസമ്പത്ത് കൈമാറേണ്ടതിന്റെ പ്രാധാന്യം ബഹ്റൈൻ പക്ഷം ഊന്നിപ്പറഞ്ഞു.

19. ബഹ്റൈനും ഇന്ത്യയും തമ്മിലുള്ള പങ്കാളിത്തത്തിൽ ചരിത പ്രാധാന്യം അർഹിക്കുന്ന മേഖലയാണ് ഊർജം. പരസ്പരമുള്ള ഊർജ സുരക്ഷയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും സംഭാവന നൽകുന്ന ഈ സഹകരണത്തിന്റെ സുപ്രധാന ഘടകമായി ഹൈഡ്രോകാർബൺ വ്യാപാരത്തിന്റെ പ്രാധാന്യം ഇരുപക്ഷവും തിരിച്ചറിഞ്ഞു. ബഹ്റൈനിലെ ഓയിൽ ആൻഡ് ഗ്യാസിന്റെ അപ്സ്ട്രീം, ഡൗൺ സ്ട്രീം മേഖലകളിൽ ഊർജ സഹകരണം വർധിപ്പിക്കുന്നതിനും വ്യാപാര വിപുലീകരണം, സംയുക്ത സംരംഭങ്ങൾ, പരസ്പര നിക്ഷേപങ്ങൾ എന്നിവയ്ക്കുള്ള സാധ്യതകൾ കണ്ടെത്തുന്നതിനും ഇരുവരും പ്രതിബദ്ധത അറിയിച്ചു.

20. 2018-ൽ ധാരണാപത്രം ഒപ്പുവച്ചതിനുശേഷം പുനരുപയോഗ ഊർജ മേഖലയിലെ തൃപ്തികരമായ ഉഭയകക്ഷി വികസനങ്ങൾ ഇരുപക്ഷവും വ്യക്തമാക്കുകയും സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ 2-ാമത് യോഗം നേരത്തേ വിളിച്ചുചേർക്കാൻ തീരുമാനിക്കുകയും ചെയ്തു. സോളാർ, വിൻഡ്, ഗ്രീൻ ഹൈഡ്രജൻ, ഗ്രീൻ അമോണിയ മേഖലകളിലെ ഉഭയകക്ഷി ഇടപെടലുകളിൽ സർക്കാർ ഏജൻസികളുടെയും സ്വകാര്യ മേഖലയുടെയും പങ്കാളിത്ത സഹകരണം ആഴത്തിലാക്കുമെന്ന് അവർ സമ്മതിച്ചു. ബഹ്‌റൈൻ 2022 ൽ ഇന്റർനാഷണൽ സോളാർ അലയൻസിന്റെ (ISA) അംഗമായത് വിദേശകാര്യ മന്ത്രിമാർ അനുസ്മരിച്ചു.

21. നാനോ/ക്യൂബ്-ഉപഗ്രഹത്തിന്റെ നിർമ്മാണത്തിനും വിക്ഷേപണത്തിനും ബഹ്‌റൈന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും സഹകരണം ആഴത്തിലാക്കാൻ ISRO (ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ)-യും NSSA (നാഷണൽ സ്പേസ് സയൻസ് ഏജൻസി)-യും കൈവരിച്ച പുരോഗതിയിൽ രണ്ട് മന്ത്രിമാരും സംതൃപ്തി രേഖപ്പെടുത്തി. ബഹിരാകാശ മേഖലയിൽ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് NSSA-യും NSIL (ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ്)-ഉം തമ്മിലുള്ള കരട് ധാരണാപത്രത്തിന് അന്തിമരൂപം നൽകാനുള്ള ശ്രമത്തിലാണ് ഇരുപക്ഷവും.

22. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി പ്രവർത്തിക്കാൻ ഇരുപക്ഷവും സമ്മതിച്ചു, അതിൽ ഇരു രാജ്യങ്ങളുടെയും സായുധ സേനകൾ തമ്മിലുള്ള ഒരു ധാരണാപത്രം (MoU) ഒപ്പിടുന്നതും ഉൾപ്പെട്ടേക്കാം. കൂടാതെ, 2023 ൽ ബഹ്‌റൈൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംയോജിത സമുദ്ര സേനയിൽ ഇന്ത്യ ചേരുന്നതിനെ ബഹ്‌റൈൻ സ്വാഗതം ചെയ്തു. നവംബർ 2024 ൽ 7-ാമത് ബഹ്‌റൈൻ ഇന്റർനാഷണൽ എയർ ഷോയിൽ (BIAS) 05 ധ്രുവ് ഹെലികോപ്റ്ററുകൾ അടങ്ങിയ ഇന്ത്യൻ എയർഫോഴ്സ് സാരംഗ് എയ്റോബാറ്റിക് ടീമിന്റെ പങ്കാളിത്തത്തെ ബഹ്‌റൈൻ അഭിനന്ദിച്ചു.

23. ഉഭയകക്ഷി സുരക്ഷാ സംഭാഷണവും അന്താരാഷ്ട്ര ഭീകരവാദത്തെ ചെറുക്കുന്നതിനുള്ള ജോയിന്റ് സ്റ്റിയറിംഗ് കമ്മിറ്റിയും (JSC) സൈബർ സുരക്ഷ ഉൾപ്പെടെയുള്ള സുരക്ഷാ സഹകരണ

മേഖലയിൽ സഹകരണം സ്ഥാപിക്കുന്നതിനുള്ള പ്രധാന സംവിധാനങ്ങളാണെന്ന് ഇന്ത്യൻ പക്ഷം അംഗീകരിച്ചു.  ഇരുപക്ഷവും മൂന്നാമത്തെ സുരക്ഷാ സംഭാഷണവും മൂന്നാമത്തെ JSC യും എത്രയും വേഗം നടത്താമെന്ന് സമ്മതിച്ചു.

24. രണ്ട് മന്ത്രിമാരും തീവ്രവാദത്തെ അതിന്റെ എല്ലാ അർത്ഥത്തിലും അപലപിക്കുകയും തീവ്രവാദം മറ്റ് രാജ്യങ്ങൾക്കെതിരായി ഉപയോഗിക്കുന്നത് തടയാനും ഉപേക്ഷിക്കാനും എല്ലാ സ്റ്റേറ്റുകളെയും ആഹ്വാനം ചെയ്യുകയും ചെയ്തു.

25. ഇരു രാജ്യങ്ങളും തമ്മിലുള്ള ഒരു സുപ്രധാന കണ്ണിയെന്ന നിലയിൽ ബഹ്റൈനിലെ ഇന്ത്യൻ സമൂഹത്തിന്റെ പങ്കിനെയും ബഹ്റൈൻ രാജ്യത്തിന്റെ വികസനത്തിൽ അവരുടെ സുപ്രധാന സംഭാവനയെയും ഇരുപക്ഷവും അഭിനന്ദിച്ചു. ഇന്ത്യൻ പ്രൊഫഷണലുകൾക്കും തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പ്രിയപ്പെട്ട ഇടമായി ബഹ്റൈനെ മാറ്റിയ സഹിഷ്ണുതയും സമാധാനപരമായ സഹവർത്തിത്വവും ഉറപ്പ് നൽകുന്ന അവരുടെ ഉദാര നയങ്ങളെയും സ്വാഗതമേകുന്ന സമൂഹത്തെയും ഇന്ത്യൻ പക്ഷം അഭിനന്ദിച്ചു. കോവിഡ്-19 മഹാമാരി കാലയളവിലെ മികച്ച സഹകരണം ഇരുപക്ഷവും അംഗീകരിച്ചു, ഇത് മഹാമാരിയുടെ ആഘാതം ലഘൂകരിക്കാൻ സഹായിച്ചു. ബഹ്റൈന്റെ ഉദാരമനസ്കതയെ പ്രതിഫലിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം ഇന്ത്യൻ പൗരത്വമുള്ള 125-ലധികം തടവുകാർക്ക് രാജകീയ മാപ്പ് നൽകിയതിന് ബഹ്റൈന്റെ നേതൃത്വത്തിനും സർക്കാരിനും ഇന്ത്യൻ പക്ഷം നന്ദി പറഞ്ഞു.

26. ടു-വേ ടൂറിസത്തിന്റെ ക്രമാതീതമായ വർദ്ധനവിലും അതിലൂടെ ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധവും വ്യാപാര-സാമ്പത്തിക ബന്ധവും ഉറപ്പിക്കുന്നതിലും രണ്ട് വിദേശകാര്യ മന്ത്രിമാരും സംതൃപ്തി രേഖപ്പെടുത്തി.

27.  കോൺസുലർ വിഷയങ്ങളിലെ സഹകരണം ആഴത്തിലാക്കുന്നതിനും കോൺസുലർ വിഷയങ്ങളിൽ പരസ്പരം താൽപ്പര്യമുള്ളവ ചർച്ച ചെയ്യുന്നതിനും സഹകരണം

ശക്തിപ്പെടുത്തുന്നതിനുമായി ഒരു സംയുക്ത കോൺസുലർ കമ്മിറ്റി രൂപീകരിക്കാനുള്ള തീരുമാനത്തെ ഇരുപക്ഷവും സ്വാഗതം ചെയ്തു.

28. 2019-23 വർഷത്തേക്ക് ഒപ്പുവെച്ച കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം (CEP) ഇരുപക്ഷവും അനുസ്മരിക്കുകയും ചരിത്രപരമായ സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ CEP നടപ്പാക്കിയതിലെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. 2024 ജൂലൈയിൽ ന്യൂഡൽഹിയിൽ നടന്ന യുനെസ്കോയുടെ 46-ാമത് WHC-ൽ പങ്കെടുക്കാൻ ശ്രീ. ഷെയ്ഖ് ഖലീഫ ബിൻ അഹമ്മദ് ബിൻ അബ്ദുല്ല അൽ ഖലീഫ ഇന്ത്യ സന്ദർശിച്ചതും സാംസ്കാരിക മേഖലയിൽ ഉഭയകക്ഷി സഹകരണം മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യയുടെ സാംസ്കാരിക ടൂറിസം മന്ത്രി ശ്രീ. ഗജേന്ദ്ര സിംഗ് ഷെഖാവത്തുമായി കൂടിക്കാഴ്ച നടത്തിയതിലും EAM സന്തോഷം അറിയിച്ചു. 2025-2029 കാലയളവിൽ "കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം - പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ തുടരാൻ രണ്ട് വശങ്ങളും സമ്മതിച്ചു."

29. ഇരുപക്ഷവും വിദ്യാഭ്യാസ മേഖലയിൽ ഉഭയകക്ഷി സഹകരണത്തിന്റെ വ്യാപ്തി വിപുലീകരിക്കാമെന്ന് സമ്മതിച്ചു. ഇക്കാര്യത്തിൽ, ഇന്ത്യയിലെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരാൻ ആഗ്രഹിക്കുന്ന കൂടുതൽ ബഹ്റൈൻ വിദ്യാർത്ഥികളെ ഇന്ത്യൻ പക്ഷം സ്വാഗതം ചെയ്തു. വിദ്യാഭ്യാസ സഹകരണം വർധിപ്പിക്കുന്നതിന് ഇരു സർക്കാരുകളും തമ്മിൽ ധാരണാപത്രം ഒപ്പുവെക്കുന്നതിനായി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യവും ഇരുപക്ഷവും ഊന്നിപ്പറഞ്ഞു.

30. "വസുധൈവ കുടുംബകം: ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി" എന്നത് പ്രമേയമാക്കി G20 ഉച്ചകോടി ഇന്ത്യയിൽ വിജയകരമായി നടത്തിയതിന് ബഹ്റൈൻ ഇന്ത്യയെ അഭിനന്ദിച്ചു. Y-20 ഉച്ചകോടിയിൽ ഉൾപ്പെടെയുള്ള ബഹ്റൈന്റെ പങ്കാളിത്തത്തിന് ഇന്ത്യൻ പക്ഷവും നന്ദി അറിയിച്ചു.

31. "വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത്" ഉച്ചകോടികളുടെ മൂന്ന് പതിപ്പുകളിലെയും ബഹ്റൈന്റെ പങ്കാളിത്തത്തെ EAM അഭിനന്ദിച്ചു, ഇത് ഗ്ലോബൽ സൗത്ത് രാജ്യങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിലും

വികസന കാഴ്ചപ്പാടുകളും മുൻഗണനകളും പങ്കിടുന്നതിലും അവർക്കുള്ള പ്രതിബദ്ധത പ്രതിഫലിക്കുന്നതായും അറിയിച്ചു. 2024 ഓഗസ്റ്റിൽ നടന്ന 3-മത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയുടെ "ഗ്ലോബൽ സൗത്ത് ആൻഡ് ഗ്ലോബൽ ഗവേണൻസ്" എന്ന വിഷയത്തിൽ വിദേശകാര്യ മന്ത്രിമാരുടെ സെഷനിൽ തന്റെ വിലയേറിയ കാഴ്ചപ്പാടുകളും ആശയങ്ങളും പങ്കുവെച്ചതിന് ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസയാനിക്ക് EAM നന്ദി പറഞ്ഞു, ഫലപ്രദമായ ആഗോള ഭരണ പരിഷ്കാരങ്ങളുടെ ആവശ്യകതയും ശുദ്ധവും ഹരിതവുമായ സാങ്കേതിക വിദ്യകളിലേക്ക് ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ തുല്യമായ പ്രാപ്യതയും ഉൾപ്പെടെ നിരവധി സമകാലിക ആഗോള പ്രശ്നങ്ങളിൽ ഇരു രാജ്യങ്ങളും ഒരുപോലെ ചിന്തിക്കുന്നുവെന്നും അഭിപ്രായപ്പെട്ടു.

32. ഇന്ത്യൻ പക്ഷം ഈ വർഷം അറബ് ലീഗിന്റെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തതിന് ബഹ്റൈനെ അഭിനന്ദിക്കുകയും മെയ് 2024 ൽ മനാമയിൽ നടന്ന അറബ് ലീഗ് ഉച്ചകോടി സംഘടിപ്പിച്ചതിനെ അഭിനന്ദിക്കുകയും ചെയ്തു. 2024 സെപ്റ്റംബറിൽ റിയാദിൽ നടന്ന തന്ത്രപരമായ ചർച്ചകൾക്കുള്ള ഇന്ത്യ-GCC സംയുക്ത മന്ത്രിതല യോഗം വിജയകരമായ സാഹചര്യത്തിൽ, GCC രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ ബഹ്റൈൻ പങ്കാളിയായി തുടരുമെന്ന് ഇന്ത്യൻ പക്ഷം പ്രത്യാശ പ്രകടിപ്പിച്ചു.

33. ഇരുപക്ഷവും പരസ്പര താൽപ്പര്യമുള്ള പ്രധാന ആഗോള വികസനങ്ങൾ, പ്രാദേശിക, ബഹുപക്ഷീയ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. പശ്ചിമേഷ്യയിൽ കൂടുതൽ സമാധാനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ആഗോള സമൂഹത്തെ വളർത്തിയെടുക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്ന മേഖലയിലെ പ്രധാന പങ്കാളികളായി ഇരു രാജ്യങ്ങളും പരസ്പരം കാണുന്നു. മിഡിൽ ഈസ്റ്റിൽ സമാധാനത്തിനായി ഒരു അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കാനുള്ള ബഹ്റൈൻ ഭാഗത്തിന്റെ നിർദ്ദേശത്തെ ഇന്ത്യൻ പക്ഷം സ്വാഗതം ചെയ്തു.

34. ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ (FOCs), മാനവശേഷിയും വികസനവും സംബന്ധിച്ചുള്ള ധാരണാപത്രത്തിന് കീഴിലെ സംയുക്ത സമിതി യോഗം എന്നിവ ഉൾപ്പെടെ നിലവിലുള്ള ഉഭയകക്ഷി

സംവിധാനങ്ങളുടെ യോഗങ്ങൾ നേരത്തെ നടത്തേണ്ടതിന്റെ പ്രാധാന്യം ഇരുപക്ഷവും ഊന്നിപ്പറഞ്ഞു. HJC-യുടെ തീരുമാനങ്ങൾ പിന്തുടരുന്നതിന് പരസ്പര സൗകര്യപ്രദമായ തീയതിയിൽ ഏഴാമത്തെ FOC ന്യൂഡൽഹിയിൽ നടത്താമെന്ന് ധാരണയായി.

35. ഹൈ ജോയിന്റ് കമ്മീഷന്റെ അഞ്ചാമത്തെ യോഗം ഇന്ത്യയിൽ നടക്കുമെന്നും അതിനുള്ള തീയതി നയതന്ത്ര മാർഗങ്ങളിലൂടെ തീരുമാനിക്കുമെന്നും ധാരണയായി.

**മനാമ,**

**ഡിസംബർ 09, 2024**